# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 11/2020
# 22.12.2020 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. കോളേജുകൾ തുറക്കുന്നത് സംബന്ധിച്ച്
5. വനിതാ സബ്കമ്മിറ്റി, അക്കാഡമിക് കമ്മിറ്റി, എ.സി.എസ്.ആർ
6. സംഘശബ്ദം, എം.ബി.ടി.
7. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്., ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., സോബിൻ വർഗീസ് എം വി, രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ വി, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, രഞ്ജിത് മോഹൻ പി., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. പ്രദീപ് കുമാർ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സുമിജോയി ഒലിയപ്പുറം, ജയരാജ് ജെ., ഡോ. റിജുലാൽ ജി.

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം . സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഇമ്പിച്ചിക്കോയ കൗടൃമാക്കനകം അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ആസാം മുൻ മുഖ്യമന്ത്രി തരുൺ ഗൊഗോയ്, കോൺഗ്രസ് നേതാവ് അഹമ്മദ് പട്ടേൽ, ഫുട്ബോൾ ഇതിഹാസം ഡീഗോ മറഡോണ, മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് കാട്ടായിക്കോണം ജി. അരവിന്ദൻ, ഇറാൻ ആണവ ശാസ്ത്രജ്ഞൻ മുഹസിൻ ഫക്റിസാദെ, പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ പ്രൊഫസർ ആർ സീതാരാമൻ, പ്രശസ്ത കൊറിയൻ ചലച്ചിത്ര സംവിധായകൻ കിം കി ഡുക്ക്, സാഹിത്യകാരൻ യു. എ. ഖാദർ, കൃഷി ശാസ്ത്രജ്ഞൻ ആർ. ഹേലി, മധ്യപ്രദേശ് മുഖ്യമന്ത്രിയുമായിരുന്ന മോത്തിലാൽ വോറ, നിരൂപകൻ കൽപ്പറ്റ ബാലകൃഷ്ണൻ, കർഷകസമരത്തിനിടയിൽ ജീവൻ നഷ്ടപെട്ട കർഷകർ, കോവിഡ് മഹാമാരിയിൽപ്പെട്ടു നമ്മെ വിട്ടു പോയ

അനേകായിരങ്ങൾ, തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ, തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് ഫലം സംസ്ഥാനത്തെ ജനാധിപത്യ പുരോഗമന ശക്തികൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതായിരുന്നു. 26-11-2020ന് നടക്കുന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് എല്ലാ എ.കെ.ജി.സി.ടി. അംഗങ്ങളും സമരത്തിൽ അണിചേർന്നു ദേശീയ പണിമുടക്ക് വിജയിപ്പിക്കണമെന്ന് ചൂണ്ടിക്കാട്ടികൊണ്ട് സംഘടന നോട്ടീസ് പുറത്തിറക്കുകയും, പത്രപ്രസ്താവന നല്കുകയും ചെയ്തു. നവംബർ 26ലെ പണിമുടക്കിൽ സർക്കാർ കോളേജ് അധ്യാപക മേഖലയിൽ നിന്നും വളരെ മികച്ച പങ്കാളിത്തമാണ് ഉണ്ടായത്.

നവംബർ 23ന് എ.കെ.ജി.സി.ടി. സംസ്ഥാന അക്കാദമിക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വെബിനാർ പരമ്പരയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. 'മാറുന്ന തൊഴിൽ നിയമങ്ങൾ-വെല്ലുവിളികൾ ആശങ്കകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ബാങ്കിംഗ് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുൻ ദേശീയ പ്രസിഡന്റ് ശ്രീ. എ. കെ. രമേശ് ആദ്യ ഉത്ഘാടനം ചെയ്ത് സംസാരിച്ചു.

ഡിസംബർ 2ന് വികസനത്തിന്റെയും സാമൂഹ്യമൈത്രിയുടെയും നാലര വർഷങ്ങൾ എന്ന പേരിൽ കഴിഞ്ഞ നാലര വർഷക്കാലം സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഒരു ലഘുലേഖ സംഘടന പ്രസിദ്ധീകരിക്കുകയുണ്ടായി.

രാജ്യത്ത് നടന്നു വരുന്ന കർഷക സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കൊണ്ട് ഡിസംബർ 3ന് 'അന്നംസാക്ഷി' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നമ്മൾ എല്ലാ കുടുംബങ്ങളിലും ഭക്ഷണത്തിന് മുന്നിലിരുന്ന് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. അത് വൻ വിജയമായിരുന്നു. ഇതുസംബന്ധിച്ച് പത്രവാർത്തയും നൽകി.

തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി ക്യാമ്പസിന് ഗോൾവാൾക്കറുടെ പേര് നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ ഡിസംബർ 5ന് സംഘടന പ്രതിഷേധക്കുറിപ്പ് നൽകുകയുണ്ടായി.

നവംബർ 6ന് ഉന്നതവിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ പേറിവിഷൻ ഉത്തരവ് ഏറെ അപാകതകൾ നിറഞ്ഞതായിരുന്നു. ഇവ ചൂണ്ടിക്കാണിച്ചു കൊണ്ട് സംഘടന ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും, പ്രിൻസിപ്പൽ സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ചു വീണ്ടും ഉത്തരവ് ഇറക്കുന്നതിന് വേണ്ട സജീവമായ ഇടപെടൽ നടത്തിവരുന്നു.

ഗസ്റ്റ് അധ്യാപക നിയമനം എത്രയും വേഗം നടത്തണമെന്നാവശ്യപ്പെട്ട് സംഘടന കോളജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി ഗസ്റ്റ് അധ്യാപകരെ ആവശ്യമായ കോളേജുകളിൽ നിയമനം നടത്തുവാൻ ഉള്ള സാഹചര്യം ഒരുങ്ങിയിട്ടുണ്ട്.

സംഘടനയുടെ 2021 വർഷത്തെ കലണ്ടർ പ്രിന്റിംഗ് പൂർത്തീകരിച്ചു. അവ എല്ലാ യൂണിറ്റിലേക്കും അയച്ചിട്ടുണ്ട്. യൂണിറ്റ് സെക്രട്ടറിമാർ ഇത് അംഗങ്ങളിലേക്ക് വൈകാതെ തന്നെ എത്തിക്കണം.

കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ സർവീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നോംസ് പരിഷ്കരിച്ച് എത്രയും വേഗം ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിന്നും ഉത്തരവ് ഇറക്കുന്നതിന് ആവശ്യമായ നടപടികൾ നാം സ്വീകരിച്ചുവരുന്നു. പ്രിൻസിപ്പൽ നിയമനം നിയമനടപടികളുമായി മുന്നോട്ടു പോവുകയാണ്. പ്ലെയ്സ്മെൻറ് വിഷയത്തെ

സംബന്ധിച്ച്, അസോസിയേറ്റ് പ്രൊഫസർ പെൻഡിങ് പ്ലെയ്സ്മെൻറ് എത്രയും വേഗം പൂർത്തിയാക്കാൻ ഇടപെടേണ്ടതുണ്ട്. ഒപ്പം 2018 ജൂലൈ 18മുതൽ ഡ്യൂ ആയ മറ്റ് പ്ലെയ്സ്മെൻറ് അപേക്ഷകൾ ക്ഷണിക്കുന്നതിന് വേണ്ടി ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. കോളേജിൽ തുറക്കുന്നതുമായി ബന്ധപ്പെട്ട് സംഘടന വിശദമായ ഒരു റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് നൽകിയിട്ടുണ്ട്.

തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ഈ റിപ്പോർട്ടുകൾക്കുമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് അജണ്ട തിരിച്ചുള്ള വിഷയങ്ങളിൽ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. ഏഴാം ശമ്പള പരിഷ്കരണം എത്രയും വേഗം അധ്യാപകർക്ക് ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്.
2. 18.07.2018 മുതൽ ഡ്യൂ ആയിട്ടുള്ളവരുടെ പ്ലെയ്സ്മെൻറ് അപേക്ഷകൾ ക്ഷണിക്കുന്നതിന് വേണ്ട ശ്രമം ഊർജിതമാക്കും.
3. ട്രാൻസ്ഫർ നോംസ് പരിഷ്കരിച്ച് 2021ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കാനുള്ള ഇടപെടൽ നടത്തും.
4. കോളേജുകൾ തുറന്ന് ക്ലാസുകൾ സുഗമമായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസവകുപ്പിന് നൽകിയിട്ടുണ്ട്. അവ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് വേണ്ട ശ്രമങ്ങൾ നടത്തും.
5. പെൻഷൻ റിവ്യൂ കമ്മിറ്റിയുമായി സംഘടന ചർച്ച നടത്തുന്നതാണ്.
6. മ്യൂസിക് കോളേജ് അദ്ധ്യാപകരുടെ യു.ജി.സി. വിഷയത്തിൽ ഊർജിതമായി ഇടപെടണമെന്ന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

22.12.2020